SIDCO

# Kerala Small Industries Development Corporation Ltd.
(An undertaking of Government of Kerala)

P.B No. 50, Housing Board Building, Santhinagar, Thiruvananthapuram-695001
Tel.No : 0471 2330613, 2330614, 2330458 (after office hours) Fax : 0471-2330904
CIN No. U69929KL 1975SGC002736
E-mail:sidcomdoffice@gmail.com, Website : www.keralasidco.com

No. IE(2)/OLA/1185/05 05.12.2024

## കേരളസിഡ്കോയുടെ കീഴിലുള്ള വിവിധ വ്യവസായ എസ്റ്റേറ്റ്/മിനി വ്യവസായ എസ്റ്റേറ്റ്/ വ്യവസായ പാർക്ക് എന്നിവിടങ്ങളിൽ ഒഴിവുള്ള ഭൂമി 30 വർഷലീസ്/വാടക/തറവാടക വ്യവസ്ഥയിൽ അനുവദിച്ചു നൽകുന്നതിനുള്ള നോട്ടിഫിക്കേഷൻ

കേരളസിഡ്കോയുടെ അധീനതയിലുള്ള താഴെപറയുന്ന വ്യവസായഎസ്റ്റേറ്റ്/മിനി വ്യവസായ എസ്റ്റേറ്റ്/വ്യവസായ പാർക്ക് എന്നിവിടങ്ങളിൽ ഒഴിവുള്ള ഭൂമി/ഷെഡ് സർക്കാർ അനുമതി പ്രകാരം സിഡ്കോ തീരുമാനിക്കുന്നതനുസരിച്ച് 30 വർഷലീസ്/വാടക/തറവാടക വ്യവസ്ഥയിൽ അനുവദിച്ചു നൽകുന്നതിനായി അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. നോട്ടിഫിക്കേഷൻ മുഴുവനായും വായിച്ചു ബോധ്യപ്പെട്ടശേഷം എന്തെങ്കിലും സംശയനിവൃത്തി ആവശ്യമാണെങ്കിൽ 0471–2330613,614 എന്ന നമ്പരിൽ സിഡ്കോ ഹെഡ് ഓഫീസിലെ വ്യവസായ എസ്റ്റേറ്റ് വിഭാഗവുമായി ബന്ധപ്പെട്ടശേഷം മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഷെഡ്ഡ്/ഭൂമി എന്നിവ നിലവിലുള്ള അവസ്ഥയിൽ മാത്രമാകും അനുവദിക്കുക. ആയതിന് എന്തെങ്കിലും ഡവലപ്പ്മെന്റ് വേണ്ടിവരുന്നുണ്ടെങ്കിൽ, ആയത് അലോട്ടി സ്വന്തം നിലയിൽ തന്നെ നിർവ്വഹിക്കേണ്ടതാണ്. ടി. ഇനത്തിൽ നിലവിലോ ഭാവിയിലോ യാതൊരു തുകയും സിഡ്കോ അനുവദിക്കുന്നതല്ല. 31/03/2025 തിയതി വരെ ഈ നോട്ടിഫിക്കേഷന് സാധുത ഉണ്ടായിരിക്കുന്നതാണ്. നിലവിൽ നിശ്ചയിച്ചിട്ടുള്ള സമയ പരിധിക്കകം ആവശ്യമായ അപേക്ഷകൾ ലഭിക്കാതിരിക്കുകയോ സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ യോഗ്യരായ അലോട്ടികൾ ലഭ്യമല്ലാതെ വരികയോ ചെയ്താൽ നോട്ടിഫിക്കേഷന്റെ സാധുവായ കാലയളവിൽ പുതിയൊരു നോട്ടിഫിക്കേഷൻ കൂടാതെ തന്നെ യോഗ്യരായ വാക്ക്-ഇൻ അപേക്ഷകരെ ഈ നോട്ടിഫിക്കേഷൻ പ്രകാരം വ്യവസ്ഥാപിതമായി ജില്ലാതല ലാന്റ് അലോട്ട്മെന്റ് കമ്മിറ്റി മുഖാന്തിരം തെരെഞ്ഞെടുക്കുന്നതാണ്. നോട്ടിഫിക്കേഷന്റെ മോഡ്ഓഫ് അലോട്ട്മെന്റ് പ്രത്യേകമായി പ്രതിപാദിച്ചിട്ടുണ്ടെങ്കിലും ടി. വ്യവസ്ഥയിൽ സർക്കാർ ഉത്തരവുകൾ പ്രകാരമോ യുക്തമെന്ന് സിഡ്കോയ്ക്ക് തോന്നുന്ന പക്ഷമോ ആവശ്യമായ ഭേദഗതികൾ അതതു സമയം സിഡ്കോ വരുത്തുന്നതാണ്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നമ്പർ | എസ്റ്റേറ്റിന്റെ പേര് | വാടക നിരക്ക് | ബന്ധപ്പെടേണ്ട വിലാസം |
|---|---|---|---|
| 1 | മിനി വ്യവസായഎസ്റ്റേറ്റ്, പന്തളം<br><br>ഷെഡ്ഡ് നമ്പർ 2 (300 സ്ക്വയർ ഫീറ്റ്) ഉൾപ്പെടുന്ന .68 സെന്റ് ഭൂമി<br><br>ഷെഡ്ഡ് നമ്പർ 4 (900 സ്ക്വയർ ഫീറ്റ്) ഉൾപ്പെടുന്ന 2.06 സെന്റ് ഭൂമി | ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷസമർപ്പിക്കാവുന്നതാണ്.<br>ഭൂമി ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ എസ്റ്റേറ്റിലെ നിലവിലെ ഭൂവില ലീസ് പ്രീമിയം ആയി ഒടുക്കേണ്ടതും സെന്റ് ഒന്നിന് 1 രൂപ നിരക്കിൽ വാർഷിക വാടക ഒടുക്കേണ്ടതുമാണ്. ഭൂവിലസെന്റിന് 1,20,936/-<br><br>ഷെഡ്ഡ് ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ സ്ക്വയർഫീറ്റിന് 300/- രൂപ പ്രകാരം വില ഒടുക്കേണ്ടതാണ്. | എസ്റ്റേറ്റ്മാനേജർ വ്യവസായഎസ്റ്റേറ്റ്, കൊല്ലക്കടവ് ഫോൺ നമ്പർ: 9447896908 |

| | | | |
|---|---|---|---|
| 2. | വ്യവസായഎസ്റ്റേറ്റ്, / ഒലവക്കോട്<br><br>പ്ലോട്ട് നമ്പർ 81 – 20.57 സെന്റ്<br><br>പ്ലോട്ട് നമ്പർ 11 – 20.26 സെന്റ് ഭൂമിയും 2000 സ്ക്വയർഫീറ്റ് ഷെഡ്ഡും.<br><br>പ്ലോട്ട് നമ്പർ 17 – 5 സെന്റ്<br><br>പ്ലോട്ട് നമ്പർ 17എ – 12 സെന്റ്<br><br>പ്ലോട്ട് നമ്പർ 1 – 18.21 സെന്റ്<br>പ്ലോട്ട് നമ്പർ 36 – 10.008 സെന്റ്<br><br>പ്ലോട്ട് നമ്പർ 3 – 4.02 സെന്റ്<br><br>പ്ലോട്ട് നമ്പർ 16 എ – 5 സെന്റ്<br><br>പ്ലോട്ട് നമ്പർ 16 ഡി – 5 സെന്റ്<br><br>സി–13 ഷെഡ്ഡും (1092.14 sqft), 7.8 സെന്റ് അനുബന്ധ ഭൂമിയും<br><br>സി–14 ഷെഡ്ഡും (1111.9sqft), 11.78 സെന്റ് അനുബന്ധ ഭൂമിയും<br>പ്ലോട്ട് നമ്പർ 72 – 9.83 സെന്റ് ഭൂമി<br>ഷെഡ് നമ്പർ സി.7 (1091 സ്ക്വയർ ഫീറ്റ്) | ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷസമർപ്പിക്കാവുന്നതാണ്.<br>ഭൂമി ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ എസ്റ്റേറ്റിലെ നിലവിലെ ഭൂവില ലീസ് പ്രീമിയം ആയി ഒടുക്കേണ്ടതും സെന്റ് ഒന്നിന് 1 രൂപ നിരക്കിൽ വാർഷിക വാടക ഒടുക്കേണ്ടതുമാണ്. ഭൂവിലസെന്റിന് 3,52,713/-<br><br>ഷെഡ്ഡ് ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ സ്ക്വയർഫീറ്റിന് 300/- രൂപ പ്രകാരം വില ഒടുക്കേണ്ടതാണ്. | എസ്റ്റേറ്റ്മാനേജർ വ്യവസായഎസ്റ്റേറ്റ്, ഒലവക്കോട്<br>ഫോൺ നമ്പർ: 0491 – 2555158, 7907469602 |
| 3 | വ്യവസായ പാർക്ക്, അത്താണി<br><br>പ്ലോട്ട് നമ്പർ 5 – 10 സെന്റ്<br><br>പ്ലോട്ട് നമ്പർ 52 – 10 സെന്റ് | ലീസ്വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അവസാനം നടന്ന അലോട്ട്മെന്റിന്റെ ലീസ് പ്രീമിയം തുകയാണ് അടിസ്ഥാന ലീസ് പ്രീമിയമായി കണക്കാക്കുന്നത്. ലീസ് പ്രീമിയം തുക സെന്റിന് 7,61,332/- | എസ്റ്റേറ്റ്മാനേജർ വ്യവസായ പാർക്ക്, അത്താണി, സിഡ്കോ വ്യവസായ എസ്റ്റേറ്റ്, കല്ലേറ്റുംകര<br>ഫോൺ: 9995254659 |
| 4 | വ്യവസായ എസ്റ്റേറ്റ്, കാസർഗോഡ്<br><br>പ്ലോട്ട് നമ്പർ 60– 46.2 സെന്റ് (electric line)<br>പ്ലോട്ട് നമ്പർ 18– 3.7 സെന്റ്<br>പ്ലോട്ട് നമ്പർ 63 – 30.1 സെന്റ് | പ്ലോട്ടുകളായും അനുവദിക്കും. ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br>ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ എസ്റ്റേറ്റിലെ നിലവിലെ ഭൂവില ലീസ് പ്രീമിയം ആയി ഒടുക്കേണ്ടതും സെന്റ് ഒന്നിന് 1 രൂപ നിരക്കിൽ | എസ്റ്റേറ്റ്മാനേജർ വ്യവസായഎസ്റ്റേറ്റ്, വിദ്യാനഗർ പി.ഒ.കാസർഗോഡ്<br>ഫോൺ:<br>04994–255931<br>9483651356 |

| | | | |
|---|---|---|---|
| | ഷെഡ് നമ്പർ ബി.7 – (216.21 M2) (ടി. ഷെഡിൽ Machineries ഉണ്ട്) | വാർഷിക വാടക ഒടുക്കേണ്ടതു മാണ്. ഭൂവിലസെന്റിന് 8,22,996/- | |
| 5 | വ്യവസായ എസ്റ്റേറ്റ്, വെസ്റ്റ്ഹിൽ<br>5 സെന്റ് | ലീസ് വ്യവസ്ഥയിൽ അനുവദി ക്കുന്നതിന് അപേക്ഷ സമർപ്പി ക്കാവുന്നതാണ്. ഭൂമി ലീസ് വ്യവസ്ഥയിൽ അനുവദിക്കു മ്പോൾ എസ്റ്റേറ്റിലെ നിലവിലെ ഭൂവില ലീസ് പ്രീമിയം ആയി ഒടുക്കേണ്ടതും സെന്റ് ഒന്നിന് 1 രൂപ നിരക്കിൽ വാർഷിക വാടക ഒടുക്കേണ്ടതുമാണ്.<br>ഭൂവിലസെന്റിന് 3,30,174/– | എസ്റ്റേറ്റ്മാനേജർ വ്യവസായഎസ്റ്റേറ്റ്, വെസ്റ്റ്ഹിൽ<br>ഫോൺ നമ്പർ: . . .<br>9846983833 |
| 6 | വ്യവസായഎസ്റ്റേറ്റ്, പാപ്പനംകോട് – 3 സെന്റ്<br><br>ഷെഡ് നമ്പർ എ2 ഉൾപ്പെടുന്ന 24.4 സെന്റ് ഭൂമി<br><br>ഷെഡ് നമ്പർ സി.1 & സി2 ഉൾപ്പെടുന്ന 16.1 സെന്റ് ഭൂമി | ലീസ്‌വ്യവസ്ഥയിൽ അനുവദി ക്കുന്നതിന് അപേക്ഷ സമർപ്പി ക്കാവുന്നതാണ്.<br>ഭൂമി ലീസ്‌വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ എസ്റ്റേറ്റിലെ നിലവിലെ ഭൂവില ലീസ് പ്രീമിയം ആയി ഒടുക്കേണ്ടതും സെന്റ് ഒന്നിന് 1 രൂപ നിരക്കിൽ വാർഷിക വാടക ഒടുക്കേണ്ടതു മാണ്. ഭൂവില സെന്റിന് 6,19,285/-<br>ഷെഡ്ഡ് ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ സ്ക്വയർഫീറ്റിന് 300/– രൂപ പ്രകാരം വില ഒടുക്കേണ്ടതാണ്. | എസ്റ്റേറ്റ്മാനേജർ വ്യവസായഎസ്റ്റേറ്റ്, പാപ്പനംകോട്<br>ഫോൺ നമ്പർ:<br>9446329716 |
| 7 | വ്യവസായഎസ്റ്റേറ്റ്, പള്ളുരുത്തി<br>ഷെഡ് നമ്പർ എ3 (3269.53 സ്ക്വയർഫീറ്റ്) ഉൾപ്പെടെ 16.08 സെന്റ് ഭൂമി (പ്ലോട്ട് നമ്പർ 4) | ലീസ്‌വ്യവസ്ഥയിൽ അനുവദി ക്കുന്നതിന് അപേക്ഷ സമർപ്പി ക്കാവുന്നതാണ്.<br>ഭൂമി<br>ലീസ്‌വ്യവസ്ഥയിൽ അനുവദി ക്കുമ്പോൾ എസ്റ്റേറ്റിലെ നില വിലെ ഭൂവില ലീസ് പ്രീമിയം ആയി ഒടുക്കേണ്ടതും സെന്റ് ഒന്നിന് 1 രൂപ നിരക്കിൽ വാർഷിക വാടക ഒടുക്കേണ്ടതു മാണ്. ഭൂവില സെന്റിന് 27,92,783/-<br>ഷെഡ്ഡ് ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ സ്ക്വയർഫീറ്റിന് 300/– രൂപ പ്രകാരം വില ഒടുക്കേണ്ടതാണ്. | എസ്റ്റേറ്റ്മാനേജർ വ്യവസായഎസ്റ്റേറ്റ്, മുടിക്കൽ<br>ഫോൺ നമ്പർ:<br>9847652527 |
| 8 | വ്യവസായ എസ്റ്റേറ്റ്. ചേർത്തല<br><br>4.5 സെന്റ് ഭൂമി | ,, | എസ്റ്റേറ്റ് മാനേജർ വ്യവസായ എസ്റ്റേറ്റ് ചേർത്തല<br>ഫോൺ നമ്പർ:<br>9446032267 |

| | | | |
|---|---|---|---|
| 9. | വ്യവസായ എസ്റ്റേറ്റ്, ഏറ്റുമാനൂർ<br><br>അഡ്മിനിസ്ട്രേറ്റീവ് ഓഫീസിന്റെ ബേസ്മെന്റ് ഫ്ളോറിൽ (സെല്ലാർ) 1139 സ്ക്വയർ ഫീറ്റ് കെട്ടിടം<br><br>അഡ്മിനിസ്ട്രേറ്റീവ് ഓഫീസിന്റെ 1st ഫ്ളോറിൽ 1139 സ്ക്വയർ ഫീറ്റ് കെട്ടിടം<br><br>Ground Floor-ൽ 174.31 സ്ക്വയർ ഫീറ്റ് വീതമുള്ള 2 ഓഫീസ് കെട്ടിടങ്ങൾ (ആകെ 348.62 സ്ക്വയർ ഫീറ്റ്) | മാസവാടക വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷസമർപ്പിക്കാവുന്നതാണ്. ഷെഡ്ഡ് മാസവാടക വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ ചതുരശ്രഅടിക്ക് പ്രതിമാസം 25 രൂപ നിരക്കിൽ വാടക ഒടുക്കേണ്ടതും 6 മാസത്തെ വാടക തിരികെ നൽകാത്ത അഡ്വാൻസ് ആയും ഒടുക്കേണ്ടതുമാണ് (Non refundable). ഏറ്റുമാനൂർ വ്യവസായ എസ്റ്റേറ്റ് ഫോറത്തിനും നിലവിലെ വ്യവസായികൾക്കും മുൻഗണന നൽകുന്നതാണ്. | എസ്റ്റേറ്റ്മാനേജർ വ്യവസായ എസ്റ്റേറ്റ് ഏറ്റുമാനൂർ ഫോൺ നമ്പർ: 9747795466 |

<u>വ്യവസ്ഥകളും ഉപാധികളും.</u>

1. നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാ ഫോറം കേരളാ സിഡ്കോയുടെ വെബ്സൈറ്റായ www.keralasidco.com-ൽ നിന്നും ലഭിക്കുന്നതാണ്.
2. വ്യവസായ എസ്റ്റേറ്റ്/മിനി വ്യവസായ എസ്റ്റേറ്റ് എന്നിവ സംബന്ധിച്ച് പൂരിപ്പിച്ച അപേക്ഷയോടൊപ്പം ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്-ന്റെ പകർപ്പ്, പ്രോജക്ട് റിപ്പോർട്ട്, തിരിച്ചറിയൽ രേഖയുടെ പകർപ്പ്, 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ, ഷെഡ്ഡിനു മാത്രം അപേക്ഷിക്കുന്നവർ 1000 രൂപ ഇ.എം.ഡി. ആയും 1000 + (ജി.എസ്.റ്റി) പ്രോസസിംഗ് ഫീ ഇനത്തിലും ഒടുക്കേണ്ടതാണ്. ഭൂമിക്കായി മാത്രം അപേക്ഷിക്കുന്നവർ 5000 രൂപ + (ജി.എസ്.റ്റി) അപേക്ഷാ ഫീസായി ഒടുക്കണം. ഷെഡ്ഡുൾപ്പെടെയുള്ള ഭൂമിക്കായി അപേക്ഷിക്കുന്നവർ ഷെഡ്ഡിനും ഭൂമിക്കും പ്രത്യേകമായുള്ള അപേക്ഷയും തുകയും ഒടുക്കേണ്ടതാണ്.
3. വ്യവസായ പാർക്കുകളിൽ ഭൂമി അനുവദിക്കുന്നതിന് മുൻഖണ്ഡികയിൽ പ്രതിപാദിച്ച രേഖകൾക്കു പുറമെ നിരതദ്രവ്യം (ഓരോ പ്ലോട്ടിനും) 5000/- (അയ്യായിരംരുപ മാത്രം) നിരക്കിൽഒടുക്കേണ്ടതാണ് (ഭൂമി അനുവദിക്കപ്പെടാത്ത സാഹചര്യത്തിൽതിരികെ നൽകും). ഭൂമി അനുവദിച്ചാൽ പ്രസ്തുത തുക ഭൂമിയുടെ ലീസ് പ്രീമിയത്തിൽ കുറവ് വരുത്തി കണക്കാക്കും. കൂടാതെ രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ 3000/- (മൂവായിരം രൂപ മാത്രം) (തിരികെ നൽകാത്ത തുക) ആകെ 8000/- രൂപയുടെ ഡി.ഡി. ആയി ഉൾപ്പെടുത്തേണ്ടതാണ്.
4. പൂരിപ്പിച്ച അപേക്ഷകൾ 26.12.2024, 5.00 പി.എം-ന് മുമ്പായി ബന്ധപ്പെട്ട എസ്റ്റേറ്റ് മാനേജർമാർക്ക് സമർപ്പിക്കേണ്ടതാണ്.
5. ഷെഡ്ഡുകൾ നിലവിലുള്ള അവസ്ഥയിലായിരിക്കും അനുവദിച്ചു നൽകുന്നത്. സിഡ്കോ, ഷെഡ്ഡുകളുടെ അറ്റകുറ്റപണികൾക്ക് തുകകൾ ഒന്നും ചിലവാക്കുന്നതല്ല. ഷെഡ്ഡുകൾ അലോട്ട്ചെയ്ത് ലഭിക്കുന്ന വ്യവസായികൾ ഷെഡ്ഡുകളുടെ അറ്റകുറ്റപ്പണി സ്വന്തം ചിലവിൽ സിഡ്കോയുടെ അനുമതിയോടെ നടത്തേണ്ടതാണ്.
6. ലഭിക്കുന്ന അപേക്ഷകളിൽ നിന്നും യോഗ്യരായ ചെറുകിട വ്യവസായികളെ കണ്ടെത്തുന്നതിനുള്ള ചുമതല ജില്ലാതല ലാന്റ് അലോട്ട്മെന്റ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.
7. പരസ്യപ്പെടുത്തിയിട്ടുള്ള ഷെഡ്ഡ്/ഭൂമിക്കായി ഏതെങ്കിലും സംരംഭകർ നിരതദ്രവ്യം ഒടുക്കിയിട്ടുണ്ടെങ്കിൽ അസ്സൽ രസീത് ഹാജരാക്കി നിരതദ്രവ്യം തിരികെ വാങ്ങേണ്ടതാണ്. അത്തരം അപേക്ഷകർക്കും പുതിയ നിരതദ്രവ്യം ഒടുക്കി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് അതാത് എസ്റ്റേറ്റ് മാനേജർമാരുമായി ബന്ധപ്പെടുകയോ സിഡ്കോയുടെ വെബ്സൈറ്റ് (www.keralasidco.com)സന്ദർശിക്കുകയോ ചെയ്യുക

മാനേജിംഗ് ഡയറക്ടർ

പകർപ്പ്:

1. ജനറൽമാനേജർ,
   ജില്ലാ വ്യവസായ കേന്ദ്രം (ഡി.എൽ.എ.സി. ചെയർമാൻ)
   തിരുവനന്തപുരം ജില്ല, പത്തനംതിട്ട ജില്ല, എറണാകുളം ജില്ല, തൃശൂർജില്ല, കോഴിക്കോട് ജില്ല, പാലക്കാട്ജില്ല, കാസർഗോഡ് ജില്ല, കോട്ടയം ജില്ല, ആലപ്പുഴ ജില്ല.
2. ചീഫ് അക്കൗണ്ട്സ് ഓഫീസർ (ഇൻ–ചാർജ്ജ്), കേരളാസിഡ്കോ
3. എസ്റ്റേറ്റ് മാനേജർ, സിഡ്കോ
   വ്യവസായഎസ്റ്റേറ്റ്, പാപ്പനംകോട്, വെസ്റ്റ്ഹിൽ, ഒലവക്കോട്, കല്ലേറ്റുംകര, മുടിക്കൽ, കാസർഗോഡ്, സ്ട്രാബോർഡ് ഫാക്ടറി, പരുമല, ഏറ്റുമാനൂർ, ചേർത്തല.
   } പ്രോസസിംഗ് ഫീ, അപേക്ഷാ ഫീ എന്നിവയ്ക്ക് 18% ജി.എസ്.റ്റി. വാങ്ങേണ്ടതാണ്.
4. സീനിയർ മാനേജർ, സിസ്റ്റംസ് – സിഡ്കോ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്
5. സ്റ്റോക്ക് ഫയൽ

rs/comp5/IE/notification